അസോസിയേഷൻ ഓഫ് കേരള ഗവൺമെന്റ് കോളേജ് ടീച്ചേഴ്സ് (എ.കെ.ജി.സി.ടി.)
സംസ്ഥാന പ്രവർത്തകസമിതിയോഗം SWC 13/2025
20.12.2025 എ.കെ.ജി.സി.ടി ഭവൻ

മിനിട്സ്

അജണ്ട

1. സ്വാഗതം
2. അനുശോചനം
3. ജനറൽ സെക്രട്ടറി റിപ്പോർട്ട്
4. ജില്ലാ റിപ്പോർട്ട്
5. സമ്മേളനം
6. ഐഫെക്ടോ
7. പോസ്റ്റ് ഷിഫ്റ്റിംഗ്/ പി.എസ്.സി നിയമനം
8. മറ്റ് ആവശ്യമായ കാര്യങ്ങൾ

ഹാജർ

ഡോ. എൻ. മനോജ്, ഡോ. മുഹമ്മദ് റഫീഖ് ടി., ഡോ. മഞ്ജുള കെ. വി., ഡോ. വിനു ഭാസ്കർ, രഘുദാസ് പി.വി., ശശി സി. ടി., ഡോ. ജയരാജ് ജെ.,ഡോ. വിനീത പി., ഡോ. രഞ്ജിത് മോഹൻ, സന്തോഷ് ടി. വർഗീസ്, ഡോ. റിജുലാൽ ജി., ഡോ. രജിത സി. ആർ.,ഡോ. ദീപ എ. കെ., രാജു എം. സി., ഡോ. വിഷ്ണു വി.എസ്., ഡോ. മുഹമ്മദ് ബഷീർ ടി., ഡോ. സെനോ ജോസ്, സുശാന്ത് പി., സജിത്ത് കുമാർ പി., ഡോ. ചന്ദ്രമോഹൻ കെ.ടി., ഡോ. മനോമോഹൻ ആന്റണി, ഡോ. സുനിൽരാജ് എൻ. വി., ഡോ. സജീവ് യു. എസ്., ഡോ. വിനീഷ്, ആൽബർട്ട് ആൻറണി ടി., ബ്രിജേഷ് എൻ. എസ്., ഡോ. സി. വി. ഷാജി, ഡോ. രാഹുൽ കെ., ഡോ. ആസിഫ് ഇക്ബാൽ കാക്കശ്ശേരി, ഡോ.റോസ്നിക്സ് പി.കെ, ഡോ. ഷിബുപി.വി, ഡോ. എം. എ അസ്കർ, ഡോ. സുജ ടി. വി, ഡോ. കെ. റഹിം, അനൂപ് ജെ. ആലക്കപ്പള്ളി.

രാവിലെ 10 മണിക്ക് ചേർന്ന സംസ്ഥാന പ്രവർത്തക സമിതി യോഗത്തിൽ സംസ്ഥാന പ്രസിഡന്റ് ഡോ.എൻ. മനോജ് അധ്യക്ഷത വഹിച്ചു. സംസ്ഥാന ട്രഷറർ ഡോ. മഞ്ജുള കെ.വി. അനുശോചന പ്രമേയം അവതരിപ്പിച്ചു.

അനുശോചനം

കൊയിലാണ്ടി എം.എൽ.എയും സി.പി.ഐ.(എം) കോഴിക്കോട് ജില്ലാ കമ്മറ്റിയംഗവുമായ കാനത്തിൽ ജമീല, എഴുത്തുകാരിയും അധ്യാപികയുമായിരുന്ന സരസ്വതി ടീച്ചർ, സാഹിത്യകാരനും എം. മുകുന്ദന്റെ സഹോദരനുമായ എം. രാഘവൻ, സിനിമാനടൻ, സംവിധായകൻ, തിരക്കഥാകൃത്ത് എന്നീ നിലകളിൽ പ്രശസ്തനായ മലയാളികളുടെ പ്രിയപ്പെട്ട നടൻ ശ്രീനിവാസൻ എന്നിവരുടെ നിര്യാണത്തിൽ എ.കെ.ജി.സി.ടി സംസ്ഥാനപ്രവർത്തകസമിതി യോഗം അനുശോചനം രേഖപ്പെടുത്തുന്നു.

ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ട്

സുഹൃത്തുക്കളെ,

പ്രിൻസിപ്പൽ നിയമനത്തിന്റെ അവസാനഘട്ടത്തിൽ വന്ന സ്റ്റേ നീക്കം ചെയ്തിട്ടുണ്ട്. നിയമനനടപടികൾ പുരോഗമിക്കുന്നു. എത്രയും വേഗം സെലക്ഷൻ കമ്മറ്റി ചേർന്ന് നിയമനം നടത്താനുള്ള നടപടികൾ പുരോഗമിക്കുന്നു. 2020 ഏപ്രിൽ 1ന് ഇറങ്ങിയ ഉന്നത വിദ്യാഭ്യാസവകുപ്പിന്റെ ഉത്തരവിനെ തുടർന്നാണ് നമ്മുടെ മേഖലയിൽ അധിക തസ്തികകൾ ഉണ്ടായത്. അതിനെ തുടർന്ന് ഉണ്ടാകുന്ന നടപടിയാണ് പോസ്റ്റ് ഷിഫ്റ്റിംഗ്. സംഘടനയുടെ നിരന്തരമായ ഇടപെടലിന്റെ

ഭാഗമായി നാളിതുവരെ ആരുടേയും ജോലിയെ ബാധിക്കുന്ന സ്ഥിതി ഉണ്ടായിട്ടില്ല. നാലു വർഷ ഡിഗ്രി കോഴ്സുകൾ ആരംഭിച്ചതിനു ശേഷം നിലവിൽ 90 തസ്തികകൾ അധികമായുണ്ട്. 2020 വരെ അനുവദിച്ച കോഴ്സുകൾക്ക് തസ്തിക സൃഷ്ടിക്കുകയും, മേൽ 90 തസ്തികകൾ ഷിഫ്റ്റ് ചെയ്യുകയും ചെയ്താൽ ആകെ 138 പോസ്റ്റുകൾ നിയമനത്തിനായി പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യാൻ സാധിക്കും എന്ന രീതിയിൽ ഉള്ള നിർദ്ദേശം സർക്കാരിന്റെ ഭാഗത്ത് നിന്നും വന്നിട്ടുണ്ട്. ഈ വിഷയം നമ്മൾ ചർച്ച ചെയ്ത് നിലപാട് സ്വീകരിക്കേണ്ടതുണ്ട്. പല വകുപ്പുകളിലും ഫേസ് പഞ്ചിംഗ് നിലവിലുണ്ട്. നമ്മുടെ മേഖലയിൽ തിരുവനന്തപുരം ജില്ലയിലെ കോളേജുകളിൽ ഇതിന്റെ നടപടികൾ ആരംഭിച്ചിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച് നിലനിൽക്കുന്ന അവ്യക്തതകൾ പരിഹരിച്ചതിനു ശേഷം മാത്രമേ ഇതുമായി മുന്നോട്ട് പോകാവൂ. മുൻകാല സർവ്വീസുകൾ പ്രമോഷന് പരിഗണിക്കൽ, അറബിക് അധ്യാപകരുടെ സർവ്വീസ് വിഷയം എന്നിവ പരിഹരിക്കുന്നതിൽ ആവശ്യമായ ഇടപെടൽ നടത്തിവരുന്നു. ജൂണിൽ ലഭിച്ച പ്ലേയ്സ്മെന്റ് അപേക്ഷകളിൽ നടപടി എടുത്തു വരുന്നു. ജനുവരി സെഷനിലെ അപേക്ഷ നൽകേണ്ട സമയമായിട്ടുണ്ട്. 2026 ഏപ്രിൽ മാസം നിയമസഭാ തെരഞ്ഞടുപ്പ് നടക്കുന്നതിനാൽ അധ്യാപകരുടെ പൊതു സ്ഥലംമാറ്റത്തിനുള്ള അപേക്ഷകൾ ഉടനെ വിളിക്കുന്നതിനായുള്ള ഇടപെടൽ നടത്തിയിട്ടുണ്ട്.പൊതുസ്ഥലംമാറ്റ മാനദണ്ഡത്തിൽ സർക്കാർ വരുത്തിയിട്ടുള്ള മാറ്റങ്ങൾ സംഘടന ഇന്ന് ചർച്ച ചെയ്യണം. 2026 ഫെബ്രുവരി 21, 22, 23 തീയ്യതികളിൽ മധുരയിൽ ചേരുന്ന ഐഫെക്ടോ സ്റ്റാറ്റ്യൂട്ടറി കോൺഫറൻസിലെ സംഘടനാ പ്രാതിനിത്യം ഇന്ന് ചർച്ച ചെയ്ത് തീരുമാനിക്കണം.

ഐഫെക്ടോയുടെ ആഭിമുഖ്യത്തിൽ ഡിസംബർ 9ന് പാർലമെന്റ് മാർച്ച് നടന്നു. ഉന്നതവിദ്യാഭ്യാസ മേഖലയുടെ അധികാര കേന്ദ്രീകരണം ലക്ഷ്യം വെയ്ക്കുന്ന ഹയർ എഡ്യുക്കേഷൻ കമ്മീഷനെതിരെ ശക്തമായ പ്രതിഷേധം ഉയരണം. സംഗീത കോളേജ് അധ്യാപകരുടെ സർവ്വീസ് വിഷയം പഠിക്കാനായി നിയോഗിച്ച കമ്മറ്റിയുടെ പ്രവർത്തനം നടന്നു വരുന്നു. ഡി.എ.കുടിശ്ശിക, ഏഴാം ശമ്പള പരിഷ്കരണ അരിയർ വിഷയത്തിൽ ആവശ്യമായ ഇടപെടൽ നടത്തി വരുന്നു.സംസ്ഥാന സമ്മേളനത്തിന്റെ നടത്തിപ്പ് സംബന്ധിച്ച് ചർച്ച നടക്കണം. കോളേജ് വിദ്യാഭ്യാസ വകുപ്പ് പുതിയ കോഴ്സുകൾക്ക് അപേക്ഷ ക്ഷണിച്ചിട്ടുണ്ട്, കോളേജുകൾ എത്രയും വേഗം അവ സമർപ്പിക്കുവാൻ ശ്രദ്ധിക്കണം. എ.ജി.ഓഫീസുമായി ബന്ധപ്പെട്ട വിഷയങ്ങൾ ഇടപെട്ട് പരിഹരിച്ചു വരുന്നു. കോളേജുകളിൽ 50% സ്കിൽ കോഴ്സുകൾ ആരംഭിക്കും എന്ന വാർത്ത അടിസ്ഥാന രഹിതമാണ്, അതിൽ ആശങ്ക വേണ്ട. ഈ വർഷത്തെ മെമ്പർഷിപ്പ് പ്രവർത്തനം പൂർത്തീകരിച്ചു.

ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ടിനെ തുടർന്ന് അജണ്ടകളിന്മേലുള്ള വിശദമായ ചർച്ചകൾക്ക് ശേഷം താഴെപ്പറയുന്ന തീരുമാനങ്ങൾ എടുത്തു.

തീരുമാനങ്ങൾ

1. സംഘടനയുടെ സംസ്ഥാന സമ്മേളനത്തിന്റെ സ്വാഗത സംഘ രൂപീകരണ യോഗം 2026 ജനുവരി 9ന് വൈകിട്ട് 4 മണിക്ക് കൊല്ലം എൻ.ജി.ഒ യൂണിയൻ ഹാളിൽ വെച്ച് മുൻമന്ത്രി ശ്രീമതി. ജെ. മേഴ്സികുട്ടിയമ്മ ഉദ്ഘാടനം ചെയ്യും.
2. സംസ്ഥാന സമ്മേളന ഫണ്ട് സമാഹരണം ഉടൻ ആരംഭിക്കാനും, ഫണ്ടിന്റെ 10% ജില്ലാ കമ്മറ്റികൾക്ക് നൽകാനും തീരുമാനിച്ചു.
3. ജില്ലാ സമ്മേളനത്തിൽ പങ്കെടുക്കേണ്ട സംസ്ഥാന ഭാരവാഹികളെ താഴെ പറയും പ്രകാരം തീരുമാനിച്ചു. തിരുവനന്തപുരം - ഡോ. മുഹമ്മദ് റഫീഖ് ടി, കൊല്ലം - ഡോ. മുഹമ്മദ് റഫീഖ് ടി, ആലപ്പുഴ - ഡോ. പ്രിൻസ് പി. ആർ, കോട്ടയം - ഡോ. പ്രിൻസ് പി. ആർ., ഇടുക്കി - ഡോ. വിനു ഭാസ്കർ, എറണാകുളം - ഡോ. വിനു ഭാസ്കർ, തൃശ്ശൂർ - ശശി സി. ടി., പാലക്കാട് - ഡോ. മഞ്ജുള കെ. വി.,

മലപ്പുറം - ഡോ. മഞ്ജുള കെ. വി., കോഴിക്കോട് - ഡോ. എൻ. മനോജ്, വയനാട്- ഡോ. എൻ. മനോജ്, കണ്ണൂർ - രഘുദാസ് പി. വി, കാസറഗോഡ് - ഡോ. എം. എസ്. മുരളി

4. നമ്മുടെ മേഖലയിൽ തിരുവനന്തപുരം ജില്ലയിലെ കോളേജുകളിൽ ആരംഭിച്ച ഫേസ് പഞ്ചിംഗ് നടപടികൾ ഇത് സംബന്ധിച്ച് നിലനിൽക്കുന്ന അവ്യക്തതകൾ പരിഹരിക്കുന്നതുവരെ നിർത്തിവെയ്ക്കുവാൻ ആവശ്യപ്പെടും.
5. 2020 വരെ അനുവദിച്ച കോഴ്സുകൾക്ക് തസ്തിക സൃഷ്ടിക്കുകയും, നിലവിൽ അധികമായി നിൽക്കുന്ന 90 തസ്തികകൾ നിലവിലുള്ള അധ്യാപകരുടെ ജോലിയെ ബാധിക്കാതിരിക്കുന്ന രീതിയിൽ ഷിഫ്റ്റ് ചെയ്യുകയും അപ്പോൾ നിലവിൽ കോളേജുകളിൽ ഓഫർ ചെയ്തിരിക്കുന്ന കോഴ്സുകളുടെ സുഗമമായ നടത്തിപ്പിന് ആവശ്യമാണെങ്കിൽ ഗസ്റ്റ് അധ്യാപകരെ നിയമിക്കാൻ അനുമതി നൽകുകയും ചെയ്തു കൊണ്ട് 138 പോസ്റ്റുകൾ നിയമനത്തിനായി പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യുന്നതാണ് ഉചിതം എന്ന് തീരുമാനിക്കുകയും ഈ വിവരം സർക്കാരിനെ അറിയിക്കാനും തീരുമാനിച്ചു.
6. സർവ്വീസുകൾ പ്രമോഷന് പരിഗണിക്കൽ, അറബിക് അധ്യാപകരുടെ സർവ്വീസ് വിഷയം, സംഗീത കോളേജ് അധ്യാപകരുടെ സർവ്വീസ് വിഷയം എന്നിവ പരിഹരിക്കുന്നതിൽ ആവശ്യമായ ഇടപെടൽ നടത്തുന്നതാണ്.
7. പൊതുസ്ഥലംമാറ്റ മാനദണ്ഡത്തിൽ സർക്കാർ വരുത്തിയിട്ടുള്ള മാറ്റങ്ങൾ സംഘടന ചർച്ച ചെയ്യുകയും നിർദ്ദേശം രേഖാമൂലം നൽകാനും തീരുമാനിച്ചു.
8. 2026 ഫെബ്രുവരി 21, 22, 23 തീയ്യതികളിൽ മധുരയിൽ ചേരുന്ന ഐഫെക്ടോ സ്റ്റാറ്റ്യൂട്ടറി കോൺഫറൻസിൽ മുഴുവൻ സംസ്ഥാന സമിതിഅംഗങ്ങളും പങ്കെടുക്കുവാൻ തീരുമാനിച്ചു.
9. പോളിടെക്നിക് കോളേജുകളിലെ സയൻസ് വിഷയങ്ങളുടെ വർക്ക് ലോഡ് വിഷയത്തിൽ ആവശ്യമായ ഇടപെടൽ നടത്തും.
10. എ.ജി.ഓഫീസുമായി ബന്ധപ്പെട്ട വിഷയങ്ങൾ പരിഹരിക്കുവാൻ തുടർന്നും ആവശ്യമായ ഇടപെടൽ നടത്തും.
11. അടുത്ത അക്കാദമിക് വർഷം കോളേജുകൾക്ക് സെമിനാർ/ വർക്ക്ഷോപ്പ് തുക നൽകുന്നത് കൂടുതൽ സുതാര്യമാക്കുന്നതിനായി ഇടപെടും.
12. സർവ്വകലാശാലകളിലെ ബോർഡ് ഓഫ് സ്റ്റഡീസ് രൂപീകരണത്തിൽ സംഘടന ആവശ്യമായ തയ്യാറെടുപ്പും, ജാഗ്രതയും കാണിക്കണം.
13. പുതിയ കോഴ്സുകൾക്ക് മുഴുവൻ കോളേജുകളെക്കൊണ്ടും അപേക്ഷ സമർപ്പിക്കുവാൻ ആവശ്യമായ സംഘടനാപരമായ ഇടപെടൽ നടത്തും.
14. എ.കെ.ജി.സി.ടി ഭവൻ നിർമ്മാണ/ അറ്റകുറ്റപണികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ വേണ്ട കാര്യങ്ങൾ ചെയ്യുന്നതാണ്.

യോഗം വൈകിട്ട് 3 മണിക്ക് അവസാനിച്ചു.

അഭിവാദ്യങ്ങളോടെ

തിരുവനന്തപുരം
20-12-2025

ഡോ. മുഹമ്മദ് റഫീഖ് ടി.
ജനറൽ സെക്രട്ടറി